# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4723 — 18.12.2014 -ലെ മറുപടിയ്ക്ക്

## കാലിക്കറ്റ് സർവ്വകലാശാലയുടെ ഉപകേന്ദ്രങ്ങൾ

*ചോദ്യം*
ശ്രീ. എം. ചന്ദ്രൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് സർവ്വകലാശാലയുടെ രാമനാട്ടുകര ക്യാമ്പസിനു പുറമെ സർവ്വകലാശാല പരിധിക്കകത്ത് മറ്റ് ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കാലിക്കറ്റ് സർവ്വകലാശാലയുടെ മുഖ്യ കാമ്പസിനു പുറമെ സർവ്വകലാശാല പരിധിക്കകത്ത് തൃശ്ശൂർ ജില്ലയിൽ അരനാട്ടുകരയിൽ ഉപകേന്ദ്രമായി ജോൺ മത്തായി സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രങ്ങളും അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളും ഉണ്ട്. മേൽ സൂചിപ്പിച്ച ജില്ലകളിൽ തൃശ്ശൂരിലൊഴികെ ഇൻഫർമേഷൻ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ കേന്ദ്രങ്ങളിൽ നിന്നും സർവ്വകലാശാല സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച വിവരങ്ങൾ, പരീക്ഷാ നടത്തിപ്പ്, ഹാൾടിക്കറ്റ് തുടങ്ങി വിദ്യാർത്ഥികൾക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുമോ; | (ബി) | പരീക്ഷ രജിസ്ട്രേഷൻ സംവിധാനം ഓൺലൈനാക്കിയതിനാൽ ഹാൾടിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് ഓൺലൈനായാണ് നൽകുന്നത്. ഇൻഫർമേഷൻ സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും ആവശ്യമായ വിവരങ്ങൾ നൽകാറുണ്ട്. കൂടാതെ സർവ്വകലാശാല വെബ്സൈറ്റിൽ പരീക്ഷകൾ, സർട്ടിഫിക്കറ്റുകൾ, ഹാൾടിക്കറ്റുകൾ തുടങ്ങി എല്ലാവിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വിദൂര വിദ്യാഭ്യാസം, മറ്റു സേവനങ്ങൾ എന്നിവ വിദ്യാർഥികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് സർവ്വകലാശാലാ ഓഫീസിന്റെ ഒരു ഉപകേന്ദ്രം ആലത്തൂരിൽ | (സി) | വിദൂര വിദ്യാഭ്യാസം മറ്റ് സേവനങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് സർവ്വകലാശാല ഓഫീസിന്റെ ഒരു ഉപകേന്ദ്രം ആലത്തൂരിൽ ആരംഭിക്കുന്ന |

| | | | |
|---|---|---|---|
| | ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | | കാര്യം, അപേക്ഷ ലഭിച്ചാൽ ബന്ധപ്പെട്ട സമിതികളുടെ പരിഗണനക്ക് വെയ്ക്കാവുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം പ്രാദേശിക ഓഫീസുകൾ തുടങ്ങുന്നതിന് യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ**